ഗ്രാമീണ ഭാരതം ' വിനോബാജിയുടെ ആശയങ്ങൾ സ്വീകരിക്കുകയില്ലായിരിക്കാം; പക്ഷേ, ഗ്രാമീണഭാരതത്തിൽ വിനോബാജി ഇനിയും വളരെ കാലത്തോളം ആരാധിക്കപ്പെടുമെന്നതിൽ സംശയമില്ല.

19 ഡിസംബർ, 1982

# 96. ഡാർവിൻ

മനുഷ്യചിന്തയിൽ മൗലികമായ ഒരു വിപ്ലവം വരുത്തിയ ചാർലസ് ഡാർവിൻ മരിച്ചതു് 1882 ഏപ്രിലിലാണ്. ഈ വരുന്ന ഏപ്രിൽ മാസത്തിൽ ഡാർവിന്റെ മരണശതാബ്ദി ലോകത്തിൽ പലേടത്തും ആഘോഷിക്കപ്പെടും.

പ്രപഞ്ചോല്പത്തിയെപ്പററി ബൈബിളിലെ 'പഴയനിയമ'ത്തിന്റെ പ്രാരംഭത്തിലുള്ള പ്രതിപാദനം ജൂതരും ക്രിസ്ത്യാനികളും മുസ്ലിങ്ങളും വിശ്വാസപ്രമാണമായി അംഗീകരിച്ചിരുന്നു. ഇന്നു കാണുന്ന രീതിയിലുള്ള പുല്ലുകളും വിത്തുള്ള സസ്യങ്ങളും, അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും ഭൂമിയിൽ മുളച്ചുവരട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു. അതതുതരം ജീവജന്തുക്കളെയും അതതുതരം പറവജാതികളെയും അതതുതരം കന്നുകാലി, ഇഴജാതി, കാട്ടുമൃഗം ഇവയെയും ദൈവം ഉണ്ടാക്കി. ഒടുവിൽ തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി മനുഷ്യരെയും സൃഷ്ടിച്ചു. ഇതൊക്കെ നടന്നതു് ഏതാണ്ടു് പതിനായിരം വർഷങ്ങൾക്കു മുമ്പാണ്. ഇതാണ് ബൈബിളിൽ വിവരിക്കുന്ന പ്രപഞ്ചസൃഷ്ടിക്രമം.

1859-ൽ പ്രസിദ്ധീകരിച്ച 'ഒറിജിൻ ഓഫ് സ്പീഷീസ്' എന്ന ഡാർവിന്റെ ഗ്രന്ഥം ശാസ്ത്രീയമായ മറെറാരു പ്രപഞ്ചസൃഷ്ടിക്രമം അനാവരണം ചെയ്തുകാണിച്ചു. പല തലമുറകളായി പാണ്ഡിത്യത്തിനു പേരെടുത്ത ഒരു കുടുംബത്തിൽ പിറന്നു്, കേംബ്രിജ് സർവകലാശാലയിൽ പഠിപ്പു പൂർത്തിയാക്കിയ ഡാർവിൻ 'ബീഗിൾ' എന്ന ഒരു കപ്പലിൽ ഒരു ലോകപര്യടനം നടത്തി. പ്രകൃതിയെ നിരീക്ഷിക്കുകയും പഴയ അസ്ഥ്യവശിഷ്ടങ്ങൾ ശേഖരിക്കുകയുമാണ് ഈ യാത്രയിൽ അദ്ദേഹം ചെയ്തതു്. മണ്ണിനടിയിൽ പല അടരുകളിലായി അടിഞ്ഞുകിടന്നു്, കാലപ്പഴക്കത്തിൽ പാറകളായി മാറിയ ഈ ഫോസ്സിലുകൾ (ജീവാശ്മങ്ങൾ) ഒന്നിനു പിറകേ ഒന്നായി അടുക്കിവെച്ചു പരിശോധിച്ചപ്പോൾ ഡാർവിൻ അത്ഭുതാവഹമായ ഒരു വസ്തുത കണ്ടുപിടിച്ചു. നാം ഇന്നു കാണുന്ന മിക്ക സസ്യങ്ങൾക്കും ജീവികൾക്കും മുമ്പ് ഇതേ രൂപമല്ല ഉണ്ടായിരുന്നതു്. കാലം ചെല്ലുംതോറും ഇവയുടെ ആകൃതി പരിണാമവിധേയമായിക്കൊണ്ടിരുന്നു. തന്റെ മുമ്പിലുള്ള തെളിവുകൾ നിരത്തിവെച്ചും, ധാരാളം വായിച്ചും, ചിന്തിച്ചും, ഈ പരിണാമത്തിനുള്ള കാരണം എന്തെന്നു് ഡാർവിൻ പ്രസ്താവിച്ചു. ഒരേതരം ജീവികളും സസ്യങ്ങളുംതന്നെ എല്ലാം ഒരുപോലെയല്ല. അവയിൽ ചിലതിനു പെട്ടെന്നു ചില മാററങ്ങൾ (മ്യൂട്ടേഷൻ, ഉത്പരിവർത്തനം) വന്നുചേരുന്നു. ഈ മാററങ്ങളിൽ ചിലതു് ക്ഷേണം നേടുന്നതിനും ജീവൻ നിലനിറുത്തുന്നതിനും പുനരുല്പാദനത്തിനുമുള്ള കഴിവു് വർദ്ധിപ്പിക്കുന്നവയായിരിക്കും. ഇത്തരം മാററങ്ങളുള്ള ജീവികളും സസ്യങ്ങളും ജീവിതമത്സരത്തിൽ വിജയിക്കുന്നു; ഇത്തരം മാററം കൈവരാത്തവ ക്രമേണ മുടിഞ്ഞുപോകുന്നു. 'പ്രകൃതിനിർധാരണം' (നാച്ചുറൽ സീലക്ഷൻ) എന്ന പേരിൽ അറിയപ്പെടുന്ന ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, താൻ ശേഖരിച്ച ജീവാശ്മങ്ങളെ വ്യാഖ്യാനിക്കുവാനും, ഭൂമിയിൽ

ഇന്നു കാണുന്ന സസ്യ–ജന്തു വൈവിധ്യത്തെ വിശദീകരിക്കാനും ഡാർവിനു കഴിഞ്ഞു. സസ്യങ്ങളും ജന്തുക്കളും എല്ലാം ഒരേതരത്തിൽപ്പെട്ട ഏകകോശ ജീവികളിൽ നിന്നു ക്രമേണ പരിണമിച്ചുണ്ടായവയാണ്. ഈ പരിണാമമാകട്ടെ, ചുരുങ്ങിയതു് നാനൂററമ്പതു കോടി കൊല്ലങ്ങൾകൊണ്ടു സംഭവിച്ചതുമാണ്.

സസ്യ–ജന്തു പരിണാമത്തെപ്പററി ഡാർവിനു മുമ്പും പലരും എഴുതിയിട്ടുണ്ട്. എന്നാൽ, പരിണാമത്തിനു ഭൗതികങ്ങളും അനിഷേധ്യങ്ങളുമായ തെളിവുകൾ ശേഖരിച്ചതും, സരളമായ ഒരു സിദ്ധാന്തം അടിസ്ഥാനമാക്കി പരിണാമത്തെ വ്യാഖ്യാനിച്ചതും ഡാർവിൻ ആയിരുന്നു. ജൈവശാസ്ത്ര ചിന്താഗതിയെ ഡാർവിൻ സ്വാധീനിച്ചതുപോലെ മററാരും സ്വാധീനിച്ചിട്ടില്ല. തികച്ചും ഭൗതികമായ കാരണങ്ങൾകൊണ്ടാണ് പരിണാമം സംഭവിക്കുന്നതെന്ന് ഡാർവിൻ തെളിയിച്ചപ്പോൾ, പ്രപഞ്ചസ്രഷ്ടാവായ ഒരു ദൈവത്തിനു പ്രസക്തിയില്ലെന്നുവന്നു. ബൈബിളിൽ പ്രതിപാദിച്ചതും മുമ്പ് ഉദ്ധരിച്ചതുമായ സൃഷ്ടികർമം ഒരു കെട്ടുകഥ മാത്രമായിത്തീർന്നു.

ദൈവത്തിൻെറ അന്തസ്സിനു നേരിട്ടതിൽ കൂടുതൽ ദയനീയമായ ഇടിച്ചിലാണ് പരിണാമവാദംമൂലം മനുഷ്യൻെറ അന്തസ്സിനു നേരിട്ടതു്. ദൈവം സ്വന്തം രൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നും, മനുഷ്യന് ഇഷ്ടംപോലെ ഉപയോഗിക്കാനുള്ളതാണ് സസ്യ–ജന്തു വർഗങ്ങളെന്നുമായിരുന്നു പഴയ വിശ്വാസം. കുട്ടിസ്രാങ്കിനെപ്പോലെയുള്ള ഒരു വാനരൻ ദീർഘകാലംകൊണ്ടു് ചെറിയ ചെറിയ രൂപമാററങ്ങൾ സമ്പാദിച്ചാണ് ഇന്നത്തെ മനുഷ്യനായിത്തീർന്നതെന്ന് ഡാർവിൻ സ്ഥാപിച്ചു. ജീവിവർഗങ്ങളിൽ മററുള്ളവയ്ക്കു് ഇല്ലാത്ത മേന്മകളൊന്നും മനുഷ്യന് ഇല്ല. മുമ്പ് ഭൂമി അടക്കി ഭരിച്ചുവന്ന ഭീമാകാരങ്ങളായ ഇഴജന്തുക്കളും മാമത്ത്ഗജങ്ങളുംപോലെ മനുഷ്യവർഗം ഒന്നടങ്കം ഒരു കാലത്തു് ഭൂമുഖത്തുനിന്നു തുടച്ചുമാററപ്പെട്ടേക്കാം. അന്നും ഒട്ടനവധി കീടങ്ങളും സസ്യങ്ങളും ജീവിതം നിലനിറുത്തിയെന്നു വരാം. പരിണാമത്തിനു പിന്നിൽ സുചിന്തിതമായ ഒരാസൂത്രണമില്ല. അതു തികച്ചും യാദൃച്ഛികമാണ്.

ആത്മാവ്, ജീവശക്തി, ദൈവം മുതലായ സങ്കല്പങ്ങൾ ഇതോടെ തകർന്നു. പ്രകൃതിയെ അതാതവസരത്തിൽ സഹായിച്ചുകൊണ്ടു് സ്നേഹമൂർത്തിയായ ഒരീശ്വരൻ നിലകൊള്ളുന്നുവെന്ന് വിശ്വസിക്കാൻ പ്രപഞ്ചത്തിൽ ഒരു തെളിവുമില്ലെന്നു വന്നു. അദൃശ്യങ്ങളായ ജീവശക്തികൾ പരിണാമത്തിലൂടെ ജീവിവർഗത്തെ പുരോഗമിപ്പിക്കുന്നുവെന്ന വിശ്വാസത്തിനും അടിസ്ഥാനമില്ലാതായി.

ഡാർവിൻ പതിനഞ്ചു പുസ്തകങ്ങളും നാലു മോണോഗ്രാഫുകളുമെഴുതി. എല്ലാററിൻെറയും ആധാരം ഒരേ പരിണാമവാദം തന്നെയായിരുന്നു. ഒരേ ജീവിതവീക്ഷണമാണ് അവയിലെല്ലാം നിറഞ്ഞുനില്ക്കുന്നതു്.

മാമൂൽ മതചിന്തയ്ക്കു് കനത്ത പ്രഹരം ഏല്പിക്കുന്നു എന്നതിനാൽ ഡാർവിനിസം പല എതിർപ്പുകളെയും നേരിടേണ്ടിവന്നു. സ്കൂളുകളിൽ പരിണാമവാദം പഠിപ്പിക്കുന്നതു നിരോധിക്കണമെന്ന് സ്വാധീനശക്തിയുള്ള പലരും വാദിച്ചു. പരിണാമവാദം ക്ലാസ്സിൽ പഠിപ്പിച്ചതിന് ജോൺ സ്കോപ്സ് എന്ന ഒരുസ്കൂൾ മാസ്റററെ അമേരിക്കയിലെ ടെന്നസ്സിസ്റ്റേററ് ഗവണ്മെൻറ് 1925–ൽ കോടതിയിൽ കയററി വിചാരണ ചെയ്തു. ടെന്നസ്സിസ്റ്റേററിലെ സ്കൂളുകളിൽ പരിണാമവാദം പഠിപ്പിച്ചുകൂടാ എന്ന് അന്നു കോടതി വിധിക്കുകയും ചെയ്തു.

1981 മാർച്ചിൽ അമേരിക്കയിലെ അർകൻസാസ് സ്റ്റേററിലെ നിയമസഭ പാസ്സാക്കിയെടുത്ത ഒരു നിയമം, സ്കൂളുകളിൽ പരിണാമവാദം പഠിപ്പിക്കുകയാണെങ്കിൽ, ഒപ്പം അതേ പ്രാധാന്യം കൊടുത്തു് 'സൃഷ്ടി

ശാസ്ത്രം' (ക്രിയേഷൻ സയൻസ്) കൂടി പഠിപ്പിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നു. എന്താണ് 'സൃഷ്ടിശാസ്ത്രം' എന്ന് ഈ നിയമം വിശദീകരിക്കുന്നുണ്ട്. പ്രപഞ്ചം, ഊർജം, ജീവൻ എന്നിവ ശൂന്യതയിൽനിന്ന് പെട്ടെന്നു സൃഷ്ടിക്കപ്പെട്ടവയാണ്. സസ്യങ്ങൾക്കും, ജീവികൾക്കും, അവയുടെ ആദിമസൃഷ്ടിരൂപങ്ങളിൽ മാറ്റം ചില നിശ്ചിത അതിർത്തികൾക്കുള്ളിൽ മാത്രമേ ഉണ്ടായിട്ടുള്ളു. മനുഷ്യനും കുരങ്ങനും ഒരേ പൂർവികനിൽനിന്നു പരിണമിച്ചതല്ല. ഭൂമിയിലെ പാറകളിൽ കാണുന്ന അടരുകളും മറ്റും പ്രളയം മുതലായ ആകസ്മിക സംഭവങ്ങൾകൊണ്ടുണ്ടായവയാണ്; ഭൂമിയും ജീവജാലങ്ങളും താരതമ്യേന അടുത്ത കാലത്തേ ഉണ്ടായിട്ടുള്ളു; ഒരൊറ്റ ജീവകോശത്തിൽനിന്ന് എല്ലാ ജീവജാലങ്ങളും ഉണ്ടായതെങ്ങനെ എന്നു വിവരിക്കാൻ ഉത്പരിവർത്തനം (മ്യൂട്ടേഷൻ), പ്രകൃതിനിർധാരണം എന്നീ സിദ്ധാന്തങ്ങൾ പര്യാപ്തങ്ങളല്ല—ഇതൊക്കെയാണ് 'സൃഷ്ടിശാസ്ത്രം' എന്ന സങ്കല്പനത്തിലടങ്ങിയ മുഖ്യ ഘടകങ്ങൾ.

അമേരിക്കയിലെ സ്കൂളുകളിൽ ഒരു മതവും പഠിപ്പിച്ചുകൂടെന്ന് അവിടത്തെ ഭരണഘടന അനുശാസിക്കുന്നുണ്ട്. 'സൃഷ്ടിശാസ്ത്രം' സ്കൂളുകളിൽ പഠിപ്പിക്കണമെന്ന അർകൻസാസ് സ്റ്റേറ്റിലെ നിയമം ഭരണഘടനയ്ക്കെതിരാണെന്നും, അതിനാൽ അതു റദ്ദു ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂണിയൻ കൊടുത്ത കേസ്സ് അർകൻസാസ് സ്റ്റേറ്റിലെ ലിറ്റിൽ റോക്ക് നഗരത്തിലുള്ള കോടതിയിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ വിചാരണയ്ക്കു വന്നു. വിധി എന്തായിരുന്നാലും സുപ്രീം കോർട്ടിൽ അപ്പീൽ ഉണ്ടാകുമെന്നതിനാൽ ഈ കോടതിയുടെ വിധിക്ക് വലിയ പ്രാധാന്യമില്ല. ഒട്ടനവധി മതപണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും പരിണാമത്തിന് എതിരായും അനുകൂലമായും നല്കിയ മൊഴികളാണ് ഈ വിചാരണയെ ശ്രദ്ധേയമാക്കിയതു്. സൃഷ്ടിക്രമമോ, പരിണാമവാദമോ, ഏതു് ശരിയെന്നു പറയാൻ താൻ തയ്യാറല്ലെന്നാണ് കോടതിയിൽ ജഡ്ജി പ്രസ്താവിച്ചതു്.

ഈ കോടതിയിൽ സാക്ഷി പറഞ്ഞ ശാസ്ത്രജ്ഞരിൽ ഒരാൾ ബ്രിട്ടനിൽ കാർഡിഫ് എന്ന നഗരത്തിലെ യൂണിവേഴ്സിറ്റി കോളേജിൽ പഠിപ്പിക്കുന്ന ഖഗോള ശാസ്ത്രജ്ഞനായ വിക്രമസിംഹേ എന്ന സിലോൺകാരനായിരുന്നു. പ്രസിദ്ധനായ ഫ്രെഡ് ഹോയ്‌ലിന്റെ സഹപ്രവർത്തകനാണ് വിക്രമസിംഹേ. ജീവൻ ഭൂമിയിൽ സ്വയം ഉത്ഭവിക്കുകയല്ല ഉണ്ടായതെന്നും, സൗരയൂഥത്തിനു പുറമെ, ഏതോ ധൂമകേതുവിൽനിന്നോ മറ്റോ, അതു് ഭൂമിയിൽ കുടിയേറിപ്പാർക്കുകയാണുണ്ടായതെന്നുമാണ് വിക്രമസിംഹേയുടെ അഭിപ്രായം. ഡി. എൻ. എ. സംബന്ധിച്ച കണ്ടുപിടിത്തത്തിനു നോബൽ സമ്മാനം നേടിയ ഫ്രാൻസിസ് ക്രിക്കും ഇതേ അഭിപ്രായക്കാരനാണ്. സൃഷ്ടികർത്താവായ ഒരു ദൈവമുണ്ടെന്ന് വിക്രമസിംഹേയും ഫ്രെഡ് ഹോയ്‌ലും കരുതുന്നു. പക്ഷേ, വിക്രമസിംഹേയുടെ ദൈവം ജീവനെ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു. പ്രപഞ്ചത്തിലെ ഭൗതികരാസസംവിധാനത്തിൽ ഈ ദൈവം കുടികൊള്ളുകയും ചെയ്യുന്നു. ഏതെങ്കിലുമൊരുതരം ദൈവമില്ലെന്നു കരുതുന്നതു് വസ്തുതകൾ കാണാൻ കൂട്ടാക്കായ്മയും, പൊറുക്കാനാവാത്ത അഹങ്കാരവുമാണെന്ന് വിക്രമസിംഹേ കോടതിയിൽ പ്രസ്താവിച്ചു. ജഡത്തിൽനിന്നു ജീവനുണ്ടായി എന്ന പരിണാമവാദസിദ്ധാന്തം ഒരു വസ്തുതയല്ല, ഒരു വാദം മാത്രമാണ് എന്നും അദ്ദേഹം കരുതുന്നു. അതേസമയം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'സൃഷ്ടിശാസ്ത്രം' മുഴുവൻ അസംബന്ധമാണ്. പരിണാമത്തെ വ്യാഖ്യാനിക്കുന്നതിന് ഉത്പരിവർത്തനവും പ്രകൃതി നിർധാരണവും പര്യാപ്തമല്ലെന്നതു മാത്രമേ, 'സൃഷ്ടിശാസ്ത്രി'ത്തിൽ സ്വീകാര്യമായുള്ളു.

8 മാർച്ച്, 1982